**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - **2016-2017** സാമ്പത്തിക വർഷത്തിൽ എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി വാങ്ങാതെ ഗാർഹിക ബയോ ഗ്യാസ് പ്ലാന്റ് പദ്ധതി നടപ്പിലാക്കിയ നടപടിക്ക് സാധുകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.595/2018/തസ്വഭവ തിരുവനന്തപുരം, തീയതി:02.03.2018

പരാമർശം :- 1. എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2017 ലെ കത്ത്
2. നെന്മാറ എം എൽ യുടെ 13.12.2017 ലെ കത്ത്
3.06.02.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 2.2, ഖണ്ഡിക 4.36

**ഉത്തരവ്**

എലവഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 2016-2017 സാമ്പത്തിക വർഷത്തിൽ ഗാർഹിക ബയോ ഗ്യാസ് പ്ലാന്റ് എന്ന പദ്ധതി ( പ്രോജക്റ്റ് നമ്പർ 137 / 17- അടങ്കൽ 1,35,000/- രൂപ ) രൂപീകരിച്ചതിൽ ശുചിത്വ മിഷൻ വിഹിതമായി ആനുപാതികമായി വകയിരുത്തേണ്ടിയിരുന്ന തുകയായ 67500/- രൂപ വകയിരുത്താതെ വികസന ഫണ്ടിൽ നിന്ന് തുക വകയിരുത്തി 10 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്ത് പദ്ധതി പൂർത്തിയാക്കിയിരുന്നു. ശുചിത്വ മിഷൻ വിഹിതം വകയിരുത്താതെയും ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ലഭ്യമാക്കാതെയും ഡി.പി.സി അംഗീകാരത്തോടെ പദ്ധതി നടപ്പിലാക്കിയ എലവഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ നടപടി സാധുകരിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ വകയിരുത്തുന്നതിനു ശുചിത്വ മിഷൻ വിഹിതമായ 67500/- രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം എന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ പരാമർശം 2 പ്രകാരം നെന്മാറ എം.എൽ.എ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷൻ വിഹിതം വകയിരുത്താതെയും ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ലഭ്യമാക്കാതെയും 2016-2017 സാമ്പത്തിക വർഷത്തിൽ പത്ത് ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തുകൊണ്ട് എലവഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ഗാർഹിക ബയോ ഗ്യാസ്

പ്ലാന്റ് പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്/ സെക്രട്ടറി, എലവഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ